# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

കെ.കെ. കുമാരപിള്ള
സ്മാരക ഗവ.ഹൈസ്കൂൾ
കരുമാടി

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | ആലപ്പുഴ. |
| സ്കൂൾ കോഡ് | : | 46017 |
| സ്കൂളിന്റെ പേര് | : | കെ. കെ. കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ, കരുമാടി. |
| വിലാസം | : | കരുമാടി. പി.ഒ, അമ്പലപ്പുഴ, ആലപ്പുഴ ജില്ല, പിൻ: 688561 |
| ഫോൺ | : | 0477 - 2270087 |
| ഇ-മെയിൽ | : | ghskarumady @gmail.com. |
| പഞ്ചായത്ത് | : | തകഴി |
| വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| ഉപജില്ല | : | തലവടി |
| ക്ലാസുകൾ | : | പ്രീ പ്രൈമറി മുതൽ 10-ാം ക്ലാസ് വരെ |
| പഠനമാധ്യമം | : | മലയാളം & ഇംഗ്ലീഷ്. |

# ആമുഖം.

കരുമാടി കെ.കെ കുമാരപിള്ള സ്മാരക ഗവ.ഹൈസ്കൂൾ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ കരുമാടി വില്ലേജിൽ സ്ഥിതി ചെയ്യുന്നു. കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ മികച്ച സർക്കാർ ഹൈസ്കൂളുകളിലൊന്നായ ഈ സ്കൂൾ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിലെ മികവുകൊണ്ട് ഏറെ ശ്രദ്ധിക്കപ്പെടുന്ന സ്കൂളാണ്. പ്രീ-പ്രൈമറി മുതൽ പത്താം ക്ലാസ് വരെയായി അഞ്ഞൂറോളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ 23 അധ്യാപകരും 6 അനധ്യാപകരും പ്രധാനാധ്യാപികയും ഉൾപ്പെടെ 29 ജീവനക്കാരുണ്ട്. കൂടാതെ 2 പാചകത്തൊഴിലാളികളും ഉണ്ട്. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും മികച്ച പിന്തുണയുമായി സേവനസന്നദ്ധമായ പി.ടി.എ ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്. പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ സമിതികളും സ്കൂൾ ക്ലബ്ബുകളും ഇവിടെ ഉണ്ട്.

# സ്കൂൾ ചരിത്രം

കരുമാടി കെ. കെ കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ 1915 ൽ ഒരു L.P സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ചു. അതിനും മുമ്പ് 1905 ൽ സ്ഥലത്തെ ചില അഭ്യുദയ കാംക്ഷികളുടെ ശ്രമഫലമായി ഇവിടെ ഒരു ഏകാധ്യാപക വിദ്യാലയം തുടങ്ങുകയും അത് L.P സ്കൂളായി മാറുകയുമാണുണ്ടായത്. ഇതിനായി കുറച്ച് സ്ഥലം ദാനമായും കുറച്ചു സ്ഥലം വിലകൊടുത്തും കണ്ടെത്തി. പിന്നീട് സ്കൂൾ നടത്തിക്കൊണ്ട് പോകുന്നത് ശ്രമകരമായതിനാൽ ഇത് സർക്കാർ ഏറ്റെടുക്കുകയും 1915 ൽ ഗവ. എൽ.പി സ്കൂൾ കരുമാടി ആയിത്തീരുകയും ചെയ്തു. പിന്നീട് 1968 ൽ UP സ്കൂൾ ആയും 1980 ൽ ഹൈസ്കൂൾ ആയും ഇത് ഉയർത്തപ്പെട്ടു. തുടക്ക സമയത്ത് 35 സെന്റ് മാത്രം സ്ഥലമുണ്ടായിരുന്ന സ്കൂളിന് ഇന്ന് 2 ഏക്കർ 82 സെന്റ് സ്ഥലം സ്വന്തമായുണ്ട്. (സർവ്വേ നമ്പർ 145/2, 145/4)

ഇങ്ങനെയൊരു സ്കൂൾ ഇവിടെ സ്ഥാപിക്കാനായി മുൻകൈയെടുത്ത ചില മഹദ് വ്യക്തികളെപ്പറ്റി ഓർക്കാം. മുൻ അമ്പലപ്പുഴ എം. എൽ. എ കെ.കെ. കുമാരപിള്ള, P.T.A അംഗമായിരുന്ന മീനാക്ഷിയമ്മ, ആദ്യകാല അധ്യാപകനായിരുന്ന കേശവശർമ്മ, സ്കൂൾ അഡ്വൈസിംഗ് കമ്മറ്റി അംഗങ്ങളായിരുന്ന ശങ്കരനാരായണ പിള്ള, എം. ബാലകൃഷ്ണൻ നായർ തുടങ്ങിയവർ അവരിൽ പ്രധാനികളാണ്. ഇവരുടെയെല്ലാം അക്ഷീണമായ ആത്മാർത്ഥ ശ്രമങ്ങൾക്കൊടുവിലാണ് ഗവ. ഹൈസ്കൂൾ കരുമാടി ഒരു യാഥാർത്ഥ്യമായത്. ഗവ. ഹൈസ്കൂൾ കരുമാടി എന്ന പേര് 2015 ൽ സ്കൂളിന്റെ ശതാബ്ദി ആഘോഷ വേളയിലാണ് കരുമാടി കാരങ്കോലിൽ കുടുംബാംഗവും സ്കൂളിന്റെ പ്രധാന അഭ്യുദയകാംക്ഷിയുമായിരുന്ന മുൻ എം. എൽ. എ കെ.കെ കുമാരപിള്ളയോടുള്ള ബഹുമാനാർത്ഥം കെ.കെ. കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ എന്നാക്കി മാറ്റിയത്.

# മികവുകൾ.

ഈ വിദ്യാലയത്തിലെ മികവുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തുടർച്ചയായി ലഭിക്കുന്ന 100% വിജയം. A+ ലഭിക്കുന്ന കുട്ടികളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമായി ഓരോ വർഷവും കുട്ടികൾക്ക് മികച്ച വിജയം നേടാൻ സാധിക്കുന്നുണ്ട്. കുട്ടികളുടെ മികവുകൾക്ക് 'എക്സലൻസി' നൽകി ആദരവ് നൽകാറുണ്ട്. കൂടാതെ LSS, USS, NMMS പരീക്ഷകളിൽ എല്ലാ വർഷവും കുട്ടികൾ ഉയർന്ന വിജയം നേടാറുണ്ട്.

സ്കൂൾ കലോത്സവങ്ങളിൽ സംസ്ഥാനതലത്തിൽ വരെ മികവ് തെളിയിക്കാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തി പരിചയമേളകളിലും, IT മേളകളിലും കുട്ടികൾ മികവു തെളിയിക്കുന്നുണ്ട്. അപര്യാപ്തതകൾക്കിടയിലും കായിക മേളകളിലും നീന്തൽ മത്സരത്തിൽ സ്റ്റേറ്റ് ലെവലിലും കുട്ടികൾ മികവ് തെളിയിച്ചിട്ടുണ്ട്. SPC, Little kites പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടക്കുന്നുണ്ട്. കൂടാതെ വിവിധ ക്ലബ് പ്രവർത്തനങ്ങളും വിദ്യാരംഗം പരിസ്ഥിതി ക്ലബ്ബുകളും ഏറ്റവും മികച്ച രീതിയിൽ നടക്കുന്നു. കുട്ടികൾക്ക് മാനസികാരോഗ്യത്തിന് പിന്തുണ നൽകാൻ ജില്ലാ പഞ്ചായത്തിൽ നിന്നും നിയമിച്ച കൗൺസിലറും ഇവിടെ പ്രവർത്തിക്കുന്നു. SSK യുടെയും കൊച്ചിൻ യൂണിവേഴ്സിറ്റിയുടെയും സംയുക്ത സഹകരണത്തോടെ Stream-Hub നമ്മുടെ വിദ്യാലയത്തിന്റെ നേട്ടമാണ്. വാട്ടർ ലാബ്, വെർച്വൽ ലാബ്, സൗകര്യങ്ങളെല്ലാം ഈ വിദ്യാലയത്തിന്റെ നേട്ടമാണ്. YIP പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്ന പ്രവർത്തനങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.

പ്രീപ്രൈമറി കുട്ടികൾക്കായി SSK യുടെ സഹായത്തോടെ പത്തുലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച വർണ്ണക്കൂടാരം ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട്. LP വിഭാഗം 1, 2 ക്ലാസിലെ കുട്ടികളുടെ സംയുക്ത ഡയറി, ചിത്രം തുടങ്ങിയവ ഏറ്റവും മികച്ച പ്രവർത്തനങ്ങളാണ്. കുട്ടികളിൽ കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കാനായി മികച്ച രണ്ട് കമ്പ്യൂട്ടർ ലാബുകൾ പ്രവർത്തിക്കുന്നു. കുട്ടികളുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലേക്ക് എത്തിക്കാൻ Tech-kavumady എന്ന YouTube ചാനലിൽ മികവുകളുടെ അവതരണം നടക്കുന്നു.

കുട്ടികളുടെ പത്രവായന വർദ്ധിപ്പിക്കാനും പൊതു വിജ്ഞാനം വർദ്ധിപ്പിക്കാനും വേണ്ടി 'Glow the Brain' പരിപാടി സംഘടിപ്പിക്കുന്നു. കുട്ടികളുടെ വിവിധ പഠനപ്രവർത്തനങ്ങൾ നടക്കുന്നു.

കുട്ടികളിൽ മാനസികോല്ലാസം, അറിവ് എന്നിവ വളർത്തുന്നതിന് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

മുൻവർഷങ്ങളിൽ നടന്നുവരുന്ന എല്ലാ മികച്ച പ്രവർത്തനങ്ങളും തുടർന്ന് വരുന്ന വർഷങ്ങളിലും നടത്തുന്നതാണ്.

## സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

LSS, USS, NMMS എന്നീ സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ സജ്ജരാക്കുന്നതിന് സ്കൂൾ പ്രവർത്തിസമയത്തിന് ശേഷം അധിക സമയം കണ്ടെത്തി വിദ്യാലയത്തിൽ എല്ലാ ദിവസവും അധ്യാപകർ ക്ലാസുകൾ നൽകുകയും വിലയിരുത്തൽ നടത്തുകയും ചെയ്ത് പോരുന്നുണ്ട്. മികച്ച വിജയം ഈ മേഖലയിൽ കുട്ടികൾ കൈവരിച്ചിട്ടുണ്ട്.

## ക്ലാസ് പി.ടി.എ. ശക്തിപ്പെടുത്തൽ

കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കളെ നിരന്തരം ബോധ്യപ്പെടുത്തുന്നു. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതും കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടതുമായ ചർച്ചകൾ ക്ലാസ് പി.ടി.എ കളിൽ സജീവമായി നടക്കുന്നുണ്ട്.

## ലൈബ്രറി ശാക്തീകരണം

ക്ലാസുകളിൽ Rotation ക്രമത്തിൽ പുസ്തകങ്ങൾ നൽകി വായിക്കാൻ അവസരം നൽകുന്നു. ആഴ്ചയിൽ ഒരു ദിവസം ലൈബ്രറിയിൽ പോയി പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാനായി Library Period ഉപയോഗപ്പെടുത്തുന്നു.

## പരിമിതികൾ

അഞ്ഞൂറോളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ നിരവധി പരിമിതികളുണ്ട്. ക്ലാസ് മുറികളുടെ അപര്യാപ്തത, ജീർണ്ണിച്ച കെട്ടിടങ്ങളുടെ സ്ഥിതി, കുട്ടികൾക്ക് കായിക പരിശീലനം നടത്താനുള്ള ഗ്രൗണ്ടിന്റെ അഭാവം എന്നിവ പരിമിതികളാണ്. കുടിവെള്ളത്തിന്റെ അപര്യാപ്തയും കുട്ടികൾ അനുഭവിക്കുന്നുണ്ട്. സ്ഥിരമായി കലാ-കായിക-പ്രവർത്തിപരിചയ അധ്യാപകരുടെ അഭാവം കുട്ടികളിലെ കഴിവുകളെ കണ്ടെത്താൻ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. വാഹനത്തിന്റെ അപര്യാപ്തതയും, സൈക്കിൾ ഷെഡിന്റെ പരിമിതിയും, പരിമിതികളുള്ള കിച്ചൺ, ഭക്ഷണം കഴിക്കാനുള്ള മെസ് ഹാളിന്റെ അഭാവം എന്നിവയാണ് പരിമിതികൾ.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം
- ലൈബ്രറി ശാക്തീകരണം
- ശാസ്ത്ര പോഷണം
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം.
- ക്ലാസ് പി.ടി.എ ശക്തിപ്പെടുത്തൽ.

# MALAYALAM - ACADEMIC MASTER - PLAN - 2025-26

# മേഖല · യു · പി · മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും- പഠിതാക്കളെ പ്രാപ്തരാക്കുന്നു. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്] അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | ,, | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം | ജൂൺ മാസം | ,, | |

| | | | | |
|---|---|---|---|---|
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | <u>വാർത്താലോകത്തേക്ക്</u><br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | <u>വാർത്താവായന</u><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>ക്ലാസ്തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടിക്ക് അവസരം നൽകുന്നു. | പ്രതിവാരം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ. | മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം / മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം. | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | പി. ടി. എ |
| 4) മലയാളം കമ്പ്യൂട്ടറിന്റെ പരിജ്ഞാനം നേടി എല്ലാകാലവും സർഗ്ഗാത്മക ശേഷി വളർത്തലും. | ഇ - കമ്പ്യൂട്ടറിന്റെ<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിന് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം<br><br>വർഷാവസാനം | മലയാളം, ഐ.ടി. അധ്യാപകർ.<br><br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ്. |

| | | | | |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ ദൃശ്യാവിഷ്കാരങ്ങൾ തുടങ്ങിയവ ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളുടെയും പങ്കാളിത്തത്തോടെ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും സംഘടിപ്പിച്ച് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ സ്കൗട്ട് | പി.ടി.എ |
| 6) കുട്ടികളുടെ അവതരണമികവ് | * ദിനാചരണവുമായി ബന്ധപ്പെട്ട പരിപാടികൾ നടത്തുന്നു.<br>* മികച്ച വായനക്കാരനെ കണ്ടെത്താൻ "വായനത്തണലിൽ" എന്ന പേരോടുകൂടെ വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | സ്കൂൾ ലീഡർ ക്ലാസ് ലീഡർ മലയാളം അദ്ധ്യാപകർ | പി.ടി.എ വിവിധ ക്ലബ്ബുകൾ |

# Academic Master Plan- 2025-26. HS- Hindi

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ മനസ്സിലാക്കുന്നതിനും ഹിന്ദിയിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പാക്കുക. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്താൻ അവസരം ഒരുക്കുന്നു. | ജൂൺ മുതൽ ജൂലൈ ഡിസംബർ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കുട്ടികൾക്ക് ഉറക്കെ വായിക്കാൻ അവസരങ്ങൾ നൽകുന്നു. വർക്ക്ഷീറ്റുകൾ നൽകുന്നു. കേട്ടെഴുത്ത്, പദ സൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ആഗസ്റ്റ് – സെപ്റ്റ് – നവംബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഓരോ മാസത്തിലും ദിനാചരണം നടത്തി കുട്ടികളുടെ സർഗശേഷി വികസിപ്പിക്കുന്നു. | പോസ്റ്റർ നിർമ്മാണം, കഥാരചന, കവിതാരചന, വായനാ മത്സരം, എന്നിവ നടത്തുന്നു. | ജൂൺ–ഫെബ്രുവരി | ഹിന്ദി അധ്യാപകർ | പി.ടി.എ |
| സമഗ്രയിലൂടെ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നു. ICT സാധ്യതയിലൂടെയുള്ള ഹിന്ദി പഠനം ഉറപ്പാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ്സിൽ നടത്തുന്നു. പ്രോജക്ട്, അസൈൻമെന്റ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. ഓരോ അധ്യായത്തിലും മാസത്തിലും നിരന്തര മൂല്യനിർണ്ണയത്തിന്റെയും ഭാഗമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. | ജൂൺ–ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഹിന്ദി ഭാഷയുടെ വായനം. വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വ്യാകരണം കുട്ടികളെ പഠിപ്പിക്കുന്നു. | വിധിക്രിയ, സർവനാമം, വിശേഷണം, കാലം എന്നിവ പഠിപ്പിച്ച് വർക്ക്ഷീറ്റുകൾ നൽകുന്നു. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ലൈബ്രറി - മലയാളം (2025-2026)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ദിനാചരണങ്ങൾ വിപുലമായി പരിപാടി നടത്തുന്നു. | 1. പോസ്റ്റർ<br>2. കവിതാ ആലാപനം<br>3. നാടകം അഭിനയം<br>4. അക്ഷര ചാർട്ട് നിർമ്മാണം<br>5. വാക്കുകൾ എഴുതിയ ചാർട്ട്<br>6. വാക്കുകൾ നിർമ്മിക്കൽ<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം വരയ്ക്കുന്നു<br>9. ചിത്രം കഥ എഴുതുന്നു<br>10. ദിനാചരണത്തിൽ പിന്നീട് നിർമ്മാണങ്ങൾ പ്രദർശിപ്പിക്കുന്നു. | 2 മാസം (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2. കുട്ടികളെ മികച്ച വായനക്കാരാക്കുക | 1. സ്കൂൾ വായനശാല സജ്ജീകരിക്കൽ<br>2. ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ<br>3. സാഹിത്യമേഖല സംവാദം<br>4. പത്രവായന<br>5. പുസ്തക ചർച്ച<br>6. വായനാമത്സരം<br>7. വായനക്കുറിപ്പ് തയ്യാറാക്കൽ<br>8. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>9. ദിനാചരണം<br>10. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന<br>11. സ്വതന്ത്രമായ വായന<br>12. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ. | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. വായനാദിനം ആചരണം.<br>2. പുസ്തക ചർച്ച<br>3. ആസ്വാദനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക<br>6. സാഹിത്യകൃതികളുടെ പുസ്തകം ശേഖരണം<br>7. വ്യക്തിഗത വായന, സംഘ വായന<br>8. ബിഗ് ബുക്സ്<br>9. സാഹിത്യകാരന്മാരുമായുള്ള മുഖാമുഖം, സംവാദം. | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഉപകരണങ്ങൾ, പുസ്തകങ്ങൾ | അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ വീഡിയോ, ഓഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം നടത്തിപ്പിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | അധ്യാപകർ, പരിശീലകർ |

# ACADEMIC MASTER PLAN - HS ENGLISH

| Aim | Activities | Time | Charge | Financial Analysis |
|---|---|---|---|---|
| 1) Speak confidently in English | Training in spoken English<br>Class room library<br>English Assembly<br>Language Games | Class room activities<br>Assembly<br>Club activities | Teacher | |
| 2) Give opportunities to express in English | Role Play<br>English day celebration<br>Seminar<br>Choreography of poems | Class room activities<br>Club activities | English Teacher<br>SRG | English Club |
| 3) Read and write properly in English | Public Speaking<br>Reading competitions<br>News Reading<br>Diary Writing | Class room activities<br>Assembly<br>Club activities | English Teacher<br>SRG | |
| 4) Dramatisation | Preparing scripts based on Lessons in the C.B | Extra time | English Club | |

| Aim | Activities | Time | Charge | Financial Analysis |
|---|---|---|---|---|
| 5) Enable the learners to engage in recitations and creative writing. activities | Listening to audio clips in English<br>Versification<br>Book Reviews<br>Magazine preparation | Class room activities<br>Extra time<br>Club activities | Teachers<br>SRG | English Club |
| 6) Enhance the learning of English with the help of ICT | English Fest<br>Watching English Movies | Once in the academic year | English Club | English Club |

# കെ കെ കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ കരുമാടി

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

### ഗണിതം - ഹൈസ്കൂൾ വിഭാഗം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | മുന്നറിവുകൾ പരിശോധിക്കുന്നു. പ്രീ ടെസ്റ്റുകൾ, ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ | |
| 2 | അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ, ആവർത്തന ചോദ്യങ്ങൾ | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ | ടീച്ചർ ഗ്രാന്റ് |
| 3 | നിർമ്മിതിയിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ഗണിതപ്പെട്ടിയുടെ ശരിയായ ഉപയോഗം, ഗണിതപ്പെട്ടി ഉപയോഗിച്ചുള്ള മുന്നറിവുകളുടെ പരിശീലനം | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ | |
| 4 | വിവിധ അളവുകൾ, ഗണിതരൂപങ്ങൾ തുടങ്ങിയവ പരിചയപ്പെടുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ അളവുകൾ പരിചയപ്പെടുന്നു. ഗണിതരൂപങ്ങൾ തിരിച്ചറിയുന്നു, അവ നിർമ്മിക്കാൻ പരിശീലിക്കുന്നു. | അക്കാദമിക വർഷം | ഗണിത അധ്യാപകർ | |
| 5 | കുട്ടി സ്വാംശീകരിക്കേണ്ട ആശയങ്ങൾ കുട്ടിക്ക് യോജ്യമായ രീതിയിൽ കൈമാറൽ | ക്ലാസ് റൂം പ്രവർത്തനങ്ങൾ, പഠനസൂത്രണം, വിലയിരുത്തൽ, എസ്.ആർ.ജി | അക്കാദമിക വർഷം | ഗണിത അധ്യാപകർ | ടീച്ചർ ഗ്രാന്റ് |

| | | | | | |
|---|---|---|---|---|---|
| 6 | ഗണിതാശയങ്ങളെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് അവയുടെ പ്രാധാന്യം തിരിച്ചറിയുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങൾ, സംഘപഠനം, ഫീൽഡ് ട്രിപ്പ് | ഒരു ടേമിൽ ഒന്ന് | ഗണിത അധ്യാപകർ, മുന്നാക്കം നിൽക്കുന്ന കുട്ടികൾ | പി.ടി.എ |
| 7 | ഗണിതാശയങ്ങൾ വ്യത്യസ്ത രീതികളിൽ | ഗണിതാശയങ്ങൾ വിവിധ രീതികളിൽ ഉൾക്കൊള്ളാനും വിശദീകരിക്കാനും പരിശീലനം, ഗണിത പഠനം രസകരമാക്കുന്ന അധിക പ്രവർത്തനങ്ങൾ | ഒരു ടേമിൽ ഒന്ന് | ഗണിത അധ്യാപകർ, വിദഗ്ധർ, മുന്നാക്കം നിൽക്കുന്ന കുട്ടികൾ | പി.ടി.എ |
| 8 | മികവോടെ ഗണിതമേളയിലേക്ക് | ഗണിതാശങ്ങളുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങളിൽനിന്ന് സ്വാംശീകരിക്കുന്ന ആശയങ്ങളെ വിപുലീകരിച്ച് ഗണിത മേളയ്ക്കുള്ള ഉൽപ്പന്നങ്ങൾ രൂപീകരിക്കുന്നു, ഗണിതരൂപങ്ങളുടെ നിർമ്മിതിയിൽ കൂടുതൽ പരിശീലനം നേടുന്നു. | അക്കാദമിക വർഷം | ഗണിത അധ്യാപകർ, മുന്നാക്കം നിൽക്കുന്ന കുട്ടികൾ | പി.ടി.എ |
| 9 | ഗണിത ലാബ് | ആശയങ്ങൾ വ്യക്തതയോടെ ഉൾക്കൊള്ളാൻ ഗണിതലാബ് ഉപയോഗപ്പെടുത്തുന്നു. ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ ഗണിതലാബിന്റെ ഭാഗമാകുന്നു. | അക്കാദമിക വർഷം | ഗണിത അധ്യാപകർ | പി.ടി.എ |
| 10 | രക്ഷിതാക്കളുടെ പങ്കാളിത്തം | കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കളെ നിരന്തരം ബോധ്യപ്പെടുത്തുന്നു, ക്ലാസ് പി.ടി.എ കളിലൂടെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ | അക്കാദമിക വർഷം | എച്ച്.എം., ഗണിത അധ്യാപകർ, എസ്.ആർ.ജി, പി.ടി.എ | പി.ടി.എ |

കെ. കെ. കുമാരപിള്ള സ്മാരക ഗവ. ഹൈസ്കൂൾ കരുമാടി
അക്കാദമിക മാസ്റ്റർപ്ലാൻ 2025-26
ഗണിതം - UP വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കൽ | ആവർത്തന ചോദ്യങ്ങൾ, കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. മുത്തുകൾ, നമ്പർകാർഡ് | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ | ശം |
| 2. ആശയധാരണ കൈവരിക്കൽ | മുന്നറിവുകൾ പരിശോധിക്കുന്നു. പ്രീടെസ്റ്റുകൾ | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | അക്കാദമിക വർഷം | ഗണിത അധ്യാപകർ | |
| 4. ആശയങ്ങൾ കുട്ടിക്ക് ലളിതമായ രീതിയിൽ പരിചയപ്പെടുത്തൽ | ക്ലാസ്റൂം പ്രവർത്തനങ്ങൾ പാഠപുസ്തകം | അക്കാദമിക വർഷം | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഗണിതാശയങ്ങൾ വ്യത്യസ്ത രീതികളിൽ | ഗണിതാശയങ്ങൾ വിവിധ രീതികളിൽ വിശദീകരിക്കുന്നത് ഗണിതപഠനം രസകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ഒരു ടേമിൽ ഒന്ന് | ഗണിതാധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 6 | ഗണിതമേള | ഗണിതാശയങ്ങളുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങളിൽ നിന്നുള്ള ആശയങ്ങൾ ഉൾപ്പെടുത്തി ഗണിതമേളയ്ക്കുള്ള ഉൽപന്നങ്ങൾ നിർമിക്കുന്നു. | അക്കാദമിക വർഷം | ഗണിതാധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 7 | ഗണിതലാബ് | ആശയങ്ങൾ വ്യക്തതയോടെ ഉൾക്കൊള്ളാൻ ഗണിതലാബ് പ്രയോജനപ്പെടുത്തുന്നു. | അക്കാദമിക വർഷം | ഗണിതാധ്യാപകർ | |

| | | | |
|---|---|---|---|
| 8. രക്ഷിതാക്കളുടെ പങ്കാളിത്തം. | കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കളെ നിരന്തരം ബോധ്യപ്പെടുത്തുന്നു. Class PTA ചർച്ചകൾ | അക്കാദമിക വർഷം | HM ക്ലാസ് അധ്യാപകർ PTA. |
| | | | |

# സോഷ്യൽ സയൻസ് HS, UP

| കുട്ടികൾ നേരിടുന്ന പ്രയാസം | പരിഹാരം |
| --- | --- |
| ഭൂപടത്തെ കുറിച്ചുള്ള ധാരണക്കുറവ്. | • വിവിധ ഭൂപടങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.<br>• ദിശ തിരിച്ചറിയുന്ന പ്രവർത്തനം<br>• ഭൂതാത് പരിചയപ്പെടുത്തുന്നു.<br>• നിറങ്ങൾ തിരിച്ചറിയുന്ന പ്രവർത്തനം<br>• അതിർത്തികൾ, സമുദ്രങ്ങൾ, ഭൂഖണ്ഡങ്ങൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനം<br>• ഗ്ലോബ് പരിചയപ്പെടൽ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭൂപടങ്ങളെക്കുറിച്ചുള്ള ധാരണകൾ തിരിച്ചറിയുക ഭൂപട വായന മെച്ചപ്പെടുത്തുക | മുന്നറിവുകൾ പരിശോധിക്കുന്നു. കേരളം, ഇന്ത്യ, ലോക ഭൂപടങ്ങൾ പരിചയപ്പെടുത്തുന്നു. | 1 ആഴ്ച | SS ടീച്ചർ | അധ്യാപികയുടെ സഹായം |
| 2. | ദിശ തിരിച്ചറിയുന്നതിന് | ദിശ പരിചയപ്പെടുത്തുന്ന പ്രവർത്തനം ഇന്ത്യയുടെയും കേരളത്തിന്റെയും ഔട്ട്ലൈൻ മാപ്പ് നൽകി വ്യത്യസ്ത ദിശയിലുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം | 2 ആഴ്ച | SS ടീച്ചർ | അധ്യാപികയുടെ സഹായം |
| 3. | തോത് തിരിച്ചറിയുന്നതിന് | തോത് പരിചയപ്പെടുത്തുന്ന പ്രവർത്തനം. | ഒരാഴ്ച | SS ടീച്ചർ | അധ്യാപികയുടെ സഹായം |
| 4. | ഭൂപടത്തിലെ ചിഹ്നങ്ങൾ നിറങ്ങൾ തിരിച്ചറിയുന്നതിന് | ഭൂപടത്തിലെ നിറങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുത്തി ചാർട്ട് നിർമ്മിച്ച് നൽകി അവ ഓരോന്നും ഉറപ്പിക്കുന്നു. ഭൂപടം നിരീക്ഷിച്ച് ഓരോ ചിഹ്നങ്ങളും നിറങ്ങളും മനസ്സിലാക്കി സവിശേഷതകൾ കണ്ടെത്താനുള്ള പ്രവർത്തനം. | ഒരു മാസം | SS ടീച്ചർ | അധ്യാപികയുടെ സഹായം |
| 5. | സമുദ്രങ്ങൾ ഭൂഖണ്ഡങ്ങൾ ഇവ മനസ്സിലാക്കുക. | ഗ്ലോബ്, ലോകഭൂപടം ഇവ പരിചയപ്പെടുത്തി സമുദ്രങ്ങൾ ഭൂഖണ്ഡങ്ങൾ ഇവ കണ്ടെത്താനുള്ള പ്രവർത്തനം. | ഒരു മാസം | SS ടീച്ചർ | അധ്യാപികയുടെ സഹായം PTA |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6. | കുട്ടി സ്വാംശീകരിക്കേണ്ട ആശയങ്ങൾ കുട്ടിക്ക് യോജ്യമായ രീതിയിൽ കൈമാറൽ | ക്ലാസ്റൂം പ്രവർത്തനങ്ങൾ പാഠാസൂത്രണം, വിലയിരുത്തൽ എസ്. ആർ. ജി | അക്കാദമിക വർഷം | SS ടീച്ചർ | ടീച്ചർ ഗ്രാന്റ് |
| 7. | ഭരണഘടനയെ കൂടുതൽ അടുത്തറിയുക. | ഭരണഘടനയെ പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നൽകും. സ്കൂൾ അസംബ്ലിയിൽ ഭരണഘടനയുടെ വിവിധ ഭാഗങ്ങൾ അവതരിപ്പിക്കുന്ന പ്രവർത്തനം നൽകും. | അക്കാദമിക വർഷം | SS ടീച്ചർ | ടീച്ചർ ഗ്രാന്റ് |
| 8. | വിവിധ സാമൂഹ്യശാസ്ത്ര മേഖലയിലേക്ക് | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങളിൽ നിന്ന് സ്വാംശീകരിക്കുന്ന ആശയങ്ങളെ വിപുലീകരിച്ച് സാമൂഹ്യശാസ്ത്രത്തെക്കുറിച്ചുള്ള ഉൽപ്പന്നങ്ങൾ രൂപീകരിക്കും. | അക്കാദമിക വർഷം | SS ടീച്ചർ | ടീച്ചർ ഗ്രാന്റ് |
| 9. | സാമൂഹ്യശാസ്ത്ര ലാബ് | ആശയങ്ങൾ വ്യക്തതയോടെ ഉൾക്കൊള്ളാൻ സാമൂഹ്യശാസ്ത്ര ലാബ് ഉപയോഗപ്പെടുത്തുന്നു. ക്ലാസ്റൂം പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ സാമൂഹ്യശാസ്ത്ര ലാബിന്റെ ഭാഗമാകും. | അക്കാദമിക വർഷം | SS ടീച്ചർ | ടീച്ചർ ഗ്രാന്റ് |

1

# UP ENGLISH

| Objectives | Activities | Date | Duties assigned | analyses |
|---|---|---|---|---|
| Provide Opportunity to listen and speak english properly. | Lend your Ear. Easy and fun way to listen to recorded English. The Child is encouraged to give appropriate answers to related questions. | July | English teacher | English club |
| Foster effective Communication, enhance attention and focus, Reinforce vocabulary related to directions and actions | Follow me if you Can. Training is given according to the instruction in english and to act accordingly. | once in a month | English teacher | |
| Introduce students to the structure and format of news reporting | Breaking News. English radio broadcast, recorded news, Provides an opportunity to listen to correct pronounciation | | English teacher | |
| | Missing Man. The Conversation is recorded between the teacher and student and is presented in the class. The Children listen the Conversation. Then the teacher | June | English teacher | |

| objectives | activities | date | duties assigned | analysis |
| --- | --- | --- | --- | --- |
| | Speech is removed and only the child speech is heard. The teacher's part of conversation provides an opportunity to present to other children | | | |
| Promote active learning and motivation through interactive game play. Team work, problem solving, Reading Comprehension. | Treasure Hunt with different objects. The activity involves making different compartments, each numbered and describing an object to be drawn. Children identify the object and earn points. | August | English teacher | |
| Enhance thinking skills, creative thinking, Language skills, | Word Chain. Students take turns saying a word that starts with the last letter of the previous word. | September | English teacher | |
| | Project based learning. Integrate project that promote critical thinking, creativity and problem solving skills. | october | English teacher | |

| objective | activity | date | duties assigned | analysis |
| --- | --- | --- | --- | --- |
| | Scavenger Hunt. Create a list of words or phrases for students to find and use in sentences. | october | English teacher | English club |
| To improve Comprehension, Critical thinking, vocabulary, Communication problem solving, Creative thinking | Story sequencing. Divide a story into sections and have students sequence the events in order. | November | English teacher | |
| Integrate holistic learning, Contextual learning, transferable skills. This approach helps student see connection between subjects, promoting a more integrated and meaningful learning experience | Interdisciplinary Connections. Foster Connection between subjects promoting a holistic understanding of Concepts. | december | English teach | |
| it encourage vocabulary building, spelling practice, pattern recognition. | Boggle. Use letter tiles or online tools to create words from random letters. | January | English teacher | |

| objectives | activities | date | duties assigned | analysis |
| --- | --- | --- | --- | --- |
| | Mad libs. Fill in the blanks with Vocabulary words to Create funny stories | | English teacher | |
| The activity makes language learning engaging, fun, and Challenging while improving pronounciation and fluency. | Toung twisters. Practice pronounciation and fluency with fun! Challenging phrases | | English teacher | |
| • Confidence Building<br>• language play<br>• fluency development<br>• pronounciation practice | One man show. A Solo presentation or performance showcasing a student's creativity, public speaking and critical thinking skills | February | English teacher | |
| | Alert Zone. A Warning system for Common errors or misconceptions, helping students identify and Correct mistakes. | Every period | English teacher | |

അക്കാദമിക മാസ്റ്റർ പ്ലാൻ - മേഖല (UP) സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ചരിത്രത്തിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് ചോദ്യങ്ങൾ നൽകുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സ്ഥലങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ICT ഉപയോഗിച്ച് memory test നടത്തുന്നു. | ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ബാലസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. ജനപ്രതിനിധികളുമായി അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ, രക്ഷകർത്താക്കൾ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| സഹജീവികളോട് സമഭാവന വളർത്തുവാൻ ഉദ്ദേശിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നല്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിഭവം. |
| --- | --- | --- | --- | --- |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര club. |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ ചരിത്രങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ക്വിസ്സിലൂടെ ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

—

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26.

## സയൻസ് - HS വിഭാഗം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. അദ്ഭുതക്കണ്ണിലൂടെ കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുന്നു. മോഡലുകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | | | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | " | " | " |
| 2. ശാസ്ത്രലോകത്തേക്ക്: നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് ടീച്ചർ | പി.ടി.എ. |

| | | | | |
|---|---|---|---|---|
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശി പ്പിക്കാൻ അവസരം നൽകുന്നു. ശാസ്ത്ര ശിൽപശാലകൾ സംഘടി പ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | Science club. |
| ലൈബ്രറി വർക്ക്: മാനവികതയിൽ ഊന്നി ലുള്ള ശാസ്ത്രബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസ് ലാബ് അധുനികവൽക്കരി ക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P. T. A |
| വൈജ്ഞാനിക ബഹിർ സ്ഫുരണം. | പുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | | | |
| അന്വേഷണ ത്വര വർദ്ധിപ്പിക്കാൻ, അറിവ് നേടൽ | ക്വിസ്, സെമിനാർ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | " | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## സയൻസ് - UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവ വേലി, എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | PTA |
| | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ Science club. | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>ശാസ്ത്ര വിസ്മയ മൂല ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ, കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ Science club. | |

## L.P. മലയാളം

| Sl. No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1) | അടിസ്ഥാന ഭാഷാ ശേഷി വികസനം<br>അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും എഴുതുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു | 1) പാട്ടുകളും കഥകളും ഉൾപ്പെടുത്തി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>2) അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു.<br>3) അക്ഷര കാർഡ്, പദക്കാർഡ്, ഭാഷാ കേളികൾ | ജൂൺ - സെപ്റ്റംബർ<br>ഒക്ടോബർ - മാർച്ച് | ക്ലാസ്ടീച്ചർ.<br>M.P.T.A.<br>S.R.G | |
| 2) | സർഗാത്മകതയെ പരിപോഷിപ്പിക്കുന്നതിന് | രചനാ ശില്പശാല, കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | നവംബർ - ഫെബ്രുവരി | ക്ലാസ് ടീച്ചർ. | |
| 3 | | | | | |

| | | | | |
|---|---|---|---|---|
| 3 | എഴുത്ത്, വായന പരിപോഷണം | വായനാക്കളരി<br>നാട്ടു വായന<br>കവിപരിചയം<br>സ്വതന്ത്ര കഥാരചന<br>കവിതാരചന | ജൂൺ- ആഗസ്റ്റ്, ഡിസംബർ ഫെബ്രു- വരി | ക്ലാസ്ടീച്ചർ, SRG<br>M.P.T.A |
| 4 | ഭാഷാപരമായ പിന്നോ- ക്കാവസ്ഥ പരിഹരിക്കൽ. നേടിയ ഭാഷാശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | പിന്നോക്കം നിൽക്കു- ന്നവർക്ക് പ്രത്യേക പരിശീലനം.<br>വായനാക്കുറിപ്പ്,<br>ആസ്വാദന കുറിപ്പ്<br>പുസ്തകസംവാദം,<br>ആനുകാലികവായന<br>സർഗോത്സവം | ജൂലൈ നവംബർ, ഫെബ്രുവരി | ക്ലാസ്ടീച്ചർ<br>SMC<br>M.P.T.A |

# L.P. English

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുന്നതിനും സംസാരിക്കുന്നതിനുമുള്ള അവസരമൊരുക്കൽ | കാർട്ടൂൺ പ്രദർശനം, ഇംഗ്ലീഷ് അസംബ്ലി | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG | |
| 2 | അക്ഷരവ്യക്തതയോടെ ഇംഗ്ലീഷ് വായിക്കുന്നതിനുള്ള അവസരം | ക്ലാസ് ലൈബ്രറി, വായന കാർഡ്, വാർത്താ വായനാ മത്സരം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ M.P.T.A | |

| | | | | | |
|---|---|---|---|---|---|
| 3 | തെറ്റില്ലാതെ ഇംഗ്ലീഷ് സ്വതന്ത്രമായി എഴുതുന്നതിനുള്ള ശേഷി | ഡയറി എഴുതൽ, ചിത്ര വിവരണം, ചിത്രകഥ പൂരണം | ക്ലാസ് ടീച്ചർ, SMC | ജൂലൈ അഗസ്റ്റ്- മാർച്ച്. | |
| 4 | ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി | ഇംഗ്ലീഷ് അസംബ്ലി വിവിധ വ്യവഹാര രൂപങ്ങളുടെ അവതരണം (skit, drama, conversation, story telling) | ക്ലാസ് ടീച്ചർ. M.P.T.A SMC | ജൂൺ - മാർച്ച് | |

# L.P. ഗണിതം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കളികളിലൂടെയും നിർമ്മാണ പ്രവർത്തനങ്ങളിലൂടെയും ഗണിത പഠനം ലളിതമാക്കി ഗണിത ശേഷികൾ ഉറപ്പിക്കുന്നതിന് | ഗണിത കളികൾ, ഗണിത പാട്ടുകൾ, തീപ്പെട്ടിക്കോലുകൾ, ഈർക്കിൽ ഉപയോഗിച്ച് ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം | ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ. | ക്ലാസ്ടീച്ചർ, SRG M.PTA | |
| 2 | ഗണിത ചിന്താശേഷി വളർത്തൽ | കുസൃതിക്കണക്കുകൾ, ഗണിത പസിലുകൾ പരിചയപ്പെടൽ ഉണ്ടാക്കൽ ഗണിത ക്വിസുകൾ | ഒക്ടോബർ, മാർച്ച് | ക്ലാസ്ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 3 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ ഗണിത പഠനം രസകരമാക്കൽ | വിവിധതരം കളികൾ അന്വേഷണം നടത്തൽ - നടപ്പാക്കൽ. മൂല്യനിർണയം. (ഏണിയും പാമ്പും ഡയസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | ജൂലൈ - നവംബർ ഡിസംബർ | ക്ലാസ്ടീച്ചർ M.P.T.A | |
| 4 | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയുന്നതിനും ഗണിതരൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയുന്നതിനും | ഒറിഗാമി ശില്പശാല നിർമ്മാണ പ്രവർത്തനങ്ങളുടെ അന്വേഷണം. ടാൻഗ്രാം ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | ജനുവരി - മാർച്ച് | SMC. SRG. M.P.T.A | |

## L.P. പരിസരപഠനം

| ക്ര/നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളും പ്രത്യേകതകളും തിരിച്ചറിയുന്നു. | ഭക്ഷ്യമേള<br>അക്ഷയ ചാർട്ടുകൾ<br>ആഹാരശീലങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ. | ജൂലൈ - സെപ്തംബർ | ക്ലാസ് ടീച്ചർ,<br>SMC | |
| 2 | പ്രകൃതിയെ അറിയുന്നതിനും പ്രകൃതി വിഭവ സംരക്ഷണം | പ്രകൃതി നടത്തം<br>ജൈവവൈവിധ്യപാർക്ക്,<br>മഴക്കുഴി നിർമ്മാണം.<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനം. | ഒക്ടോബർ - ഫെബ്രുവരി | SRG,<br>ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| 3 | ശാസ്ത്രാവബോധം വളർത്തുന്നതിന് പരീക്ഷണ നിരീക്ഷണങ്ങളിൽ താത്പര്യം ജനിപ്പിക്കുന്നതിന് | കണ്ടെത്താം, അറിയാം ലഘു പരീക്ഷണങ്ങൾ നടത്തി കുറിപ്പ് തയ്യാറാക്കുന്നു. ശാസ്ത്ര മാസികകളുടെ അവതരണം. | ആഗസ്റ്റ്, സെപ്തംബർ, നവംബർ, | ക്ലാസ് ടീച്ചർ, SMC, |
| 4. | കേരളം, ഇന്ത്യ ഭൂപട വായന | ഭൂപട വായന. ഭൂപട രചന. സൂചികാ നിർമ്മാണം. | ഫെബ്രുവരി മാർച്ച് | SRG ക്ലാസ്ടീച്ചർ |

# ദിനാചരണങ്ങൾ

# 2025 - 2026

# ദിനാചരണം

**ജൂൺ**

5 - പരിസ്ഥിതി ദിനം (Common)
12 - അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനം (UP)
19 - വായനാദിനം (Common)

**ജൂലൈ**

11 - ലോകജനസംഖ്യാ ദിനം (UP)
12 - മലാല ദിനം (H.S)

**ആഗസ്റ്റ്**

6 - ഹിരോഷിമ ദിനം (LP)
15 - സ്വാതന്ത്ര്യദിനം
17 - ചിങ്ങം - 1 (കർഷക ദിനം)

**സെപ്റ്റംബർ**

5 - അധ്യാപക ദിനം
27 - ലോക വിനോദ സഞ്ചാര ദിനം (H.S)
29 - ലോക ഹൃദയ ദിനം (UP)

**ഒക്ടോബർ**

2 - ഗാന്ധി ജയന്തി (Common)
10 - ലോക മാനസികാരോഗ്യ ദിനം (H.S)
16 - ലോക ഭക്ഷ്യ ദിനം (L.P, UP)

**നവംബർ**

1 - കേരളപ്പിറവി
11 - ദേശീയ വിദ്യാഭ്യാസ ദിനം (UP)

14 - ശിശുദിനം (L.P, pre-primary)

ഡിസംബർ

2 - ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം (H S)
(ദേശീയ മലിനീകരണ നിയന്ത്രണ ദിനം)
5 - ലോക മണ്ണ് ദിനം (L.P)
10 - സർവ്വദേശീയ മനുഷ്യാവകാശദിനം (U.P)

ജനുവരി

10 - ലോക ഹിന്ദി ദിനം (U.P)
25 - സമ്മതിദായക ദിനം (H S)
26 - റിപ്പബ്ലിക് ദിനം
30 - ദേശീയ രക്തസാക്ഷിദിനം.

ഫെബ്രുവരി

2 - ലോക തണ്ണീർത്തട ദിനം (U.P)
21 - ലോക മാതൃഭാഷാ ദിനം (L.P)
28 - ദേശീയ ശാസ്ത്ര ദിനം (H.S)

ജൂൺ

5. പരിസ്ഥിതി ദിനം - പ്രവർത്തനങ്ങൾ

വൃക്ഷത്തൈ നടൽ, special assembly
പരിസ്ഥിതി സന്ദേശം
പരിസ്ഥിതി പ്രവർത്തകരെ ആദരിക്കൽ

12. ബാല വേല വിരുദ്ധ ദിനം :- ബോധവൽക്കരണ - പ്രവർത്തനങ്ങൾ

19. വായനാദിനം :- special assembly
- വായനാവാരാചരണ പ്രവർത്തനങ്ങൾ
- മാഗസിൻ പ്രവർത്തനം, നിർമ്മാണം
- സർഗ്ഗാത്മക പ്രവർത്തനങ്ങൾ

ജൂലൈ

11. ജനസംഖ്യാദിനം - ക്വിസ് മത്സരം
- സന്ദേശം നൽകൽ

12. മലാല ദിനം - പ്രബന്ധാവതരണം.

ആഗസ്റ്റ്

6. ഹിരോഷിമാ ദിനം - യുദ്ധവിരുദ്ധ റാലി, പോസ്റ്റർ നിർമ്മാണം.

9. നാഗസാക്കി ദിനം - ആൽബം നിർമ്മാണം, സഡാക്കോ കൊക്ക് നിർമ്മാണം

15 - സ്വാതന്ത്ര്യദിനം - പതാക ഉയർത്തൽ, റാലി
ദേശഭക്തിഗാനം, പ്രസംഗമത്സരം, കലാപരിപാടികൾ

17 - ചിങ്ങം 1 - കർഷക ദിനം
- കർഷകരെ ആദരിക്കൽ
- അഭിമുഖം, special assembly
കൃഷിയിട സന്ദർശനം

സെപ്റ്റംബർ

5 - അധ്യാപക ദിനം
- അധ്യാപകരെ ആദരിക്കൽ
- ഗുരുവന്ദനം
- കുട്ടി ടീച്ചറെ കൊണ്ട് ക്ലാസ് എടുപ്പിക്കൽ

27 - ലോക വിനോദ സഞ്ചാര ദിനം
- കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ
(വീഡിയോ പ്രദർശനം)

29 - ലോക ഹൃദയദിനം
- ഹൃദയാരോഗ്യത്തിന്റെ പ്രാധാന്യത്തെ കുറിച്ച്
ഡോക്ടറുമായുള്ള അഭിമുഖം

ഒക്ടോബർ

2 - ഗാന്ധിജയന്തി
- ശുചീകരണ പ്രവർത്തനങ്ങൾ
- സർവ്വ മത പ്രാർത്ഥന

10 - ലോകമാനസികാരോഗ്യ ദിനം
- Psychologist ന്റെ ബോധവൽക്കരണ class

16 - ലോക ഭക്ഷ്യദിനം

- Food test
- നല്ല ഭക്ഷണത്തിന്റെ പ്രാധാന്യം - ബോധവൽക്കരണ ക്ലാസ്

## നവംബർ

1 - കേരളപ്പിറവി ദിനം - കേരളീയ വേഷം, ക്വിസ് കലാപരിപാടികൾ

11 - ദേശീയ വിദ്യാഭ്യാസ ദിനം - സെമിനാർ

14 ശിശുദിനം - റാലി,
- കലാപരിപാടികൾ

## ഡിസംബർ

2 - ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം - കമ്പ്യൂട്ടറിന്റെ പ്രാധാന്യം, ബോധവൽക്കരണം വിവിധ പ്രവർത്തനങ്ങൾ

- മലിനീകരണ നിയന്ത്രണ ദിനം
- മലിനീകരണ നിയന്ത്രണത്തിന്റെ ആവശ്യകത
- പ്രബന്ധാവതരണം

5 - ലോക മണ്ണ് ദിനം

- വിവിധയിനം മണ്ണുകളുടെ ശേഖരണം
- പ്രദർശനം
- ബോധവൽക്കരണം

10 - മനുഷ്യാവകാശ ദിനം
- അവകാശങ്ങളെ അറിയുവാം
- ബോധവൽക്കരണ ക്ലാസ്

# ജനുവരി

10 - ലോക ഹിന്ദി ദിനം
- ഹിന്ദി കലാപരിപാടികൾ

25 - ലോക സമ്മതിദായക ദിനം
- തെരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടുത്തൽ

26 - റിപ്പബ്ലിക് ദിനം
- പതാക ഉയർത്തൽ
- ദേശഭക്തിഗാനാലാപനം
- ക്വിസ് മത്സരം

30 - ലോക രക്തസാക്ഷി ദിനം
- മൗന പ്രാർത്ഥന
- ക്വിസ്

# ഫെബ്രുവരി

2- തണ്ണീർത്തട ദിനം - സന്ദേശം, സന്ദർശനം (Field trip)

21 - മാതൃഭാഷാ ദിനം - മാതൃഭാഷയുടെ പ്രാധാന്യം
- ക്വിസ് മത്സരം
- വായനാക്കുറിപ്പ്
- കലാപരിപാടികൾ

28 - ദേശീയ ശാസ്ത്ര ദിനം - സെമിനാർ

# വാർഷിക കലണ്ടർ

2025 . 2026

# വാർഷിക കലണ്ടർ-2025-26

## JUNE

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

June-2 - പ്രവേശനോത്സവം, അധ്യയന വർഷാരംഭം
June-5 - പരിസ്ഥിതിദിനം
June-9 - 6-10 പ്രവൃത്തിദിനം
June-13 - SRG
June-19 - വായനാദിനം
June-26 - ലഹരിവിരുദ്ധദിനം
June-27 - SRG

# വാർഷിക കലണ്ടർ-2025-26

## JULY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

July-4 - SRG
July-11 - ലോക ജനസംഖ്യാദിനം
July-12 - മലാലദിനം
July-21 - ചാന്ദ്രദിനം
July-25 - SRG
July-26 - കാർഗിൽ വിജയദിനം

# വാർഷിക കലണ്ടർ - 2025-26

## AUGUST

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

August - 4, 5 - Mid term
August - 8 - Class PTA
August - 15 - സ്വാതന്ത്ര്യദിനം
August - 17 - കർഷകദിനം
August - 20 - First term exam
August - 29 - ദേശീയ കായികദിനം
SRG

# വാർഷിക കലണ്ടർ - 2025-26

## SEPTEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

September - 3 - Onam Celebration

September 4 to 14 - Onam Vacation

September - 5 - ദേശീയ അധ്യാപകദിനം

September - 16 - ഓസോൺ ദിനം

September - 26 - SRG

# വാർഷിക കലണ്ടർ - 2025-26

## OCTOBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

October 2 - ഗാന്ധിജയന്തി.

October 9 - ലോകതപാൽദിനം

October 10 - youth festival, ദേശീയതപാൽദിനം

October - 16 - ലോകഭക്ഷ്യദിനം

October 24 - SRG

# വാർഷിക കലണ്ടർ-2025-26

## NOVEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 30 | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

November 1 - കേരളപ്പിറവി

November 7 - SRG

November 14 - ശിശുദിനം

November 16 - പത്രദിനം

November 28 - SRG

# വാർഷിക കലണ്ടർ-2025-26

## DECEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

December 1 - ലോക എയ്ഡ്സ് ദിനം

December 3 - ദേശീയ ഭിന്നശേഷിദിനം

December 10 - ലോക മനുഷ്യാവകാശദിനം

December 12 - SRG

December 15 to 23 - Second term exam

December 24 - - Christmas Celebration

2025 - 26 അധ്യയന വർഷം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രവർത്തന പദ്ധതികളെ സംബന്ധിച്ച്.

സമൂഹത്തിലെ പൊതുകാര്യങ്ങൾ ഓരോന്നിനെയും കുറിച്ച് കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ എൽ. പി തലത്തിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ദിനം : 1 (9/06/25)
പൊതുകാര്യങ്ങൾ :-

ഒന്നാം ദിനം കുട്ടികൾ സ്കൂളുമായി പരിചയപ്പെടുന്ന പ്രവർത്തനങ്ങളാണ് നൽകിയത്. സ്കൂൾ നിയമങ്ങൾ, സ്കൂൾ സമയക്രമം, സ്കൂൾ യൂണിഫോം, ദിനചര്യകൾ എന്നിവയെ കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തി. കുട്ടികൾ പരസ്പരം പരിചയപ്പെടൽ, അവധിക്കാല അനുഭവങ്ങൾ പങ്കുവയ്ക്കൽ എന്നിവയിലൂടെ ഒന്നാം ദിനം കടന്നുപോയി.

ദിനം : 2 (11/06/25)
ട്രാഫിക് നിയമങ്ങൾ :-

റോഡിലൂടെ നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു. ട്രാഫിക് സിഗ്നലുമായി ബന്ധപ്പെട്ട ഒരു Rhym പഠിപ്പിച്ചു. കുട്ടികൾ സ്കൂൾ ബസ്, ഓട്ടോ എന്നിവയിൽ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റെയിൽവേ ക്രോസ്സുകൾ മുറിച്ചു കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെ കുറിച്ച് ക്ലാസിൽ ചർച്ച ചെയ്തു.

ദിനം : 3 (12/06/25)

വ്യക്തി ശുചിത്വം , പരിസര ശുചിത്വം , ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം :-

വ്യക്തി ശുചിത്വം പരിചയപ്പെടുത്തുന്നതിനായി കുട്ടികൾക്ക് ശുചിത്വ പാട്ട് പഠിപ്പിച്ചു. വീടും പരിസരവും ഒപ്പം സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കണം. സ്കൂൾ പരിസരത്തും ക്ലാസ്മുറികളിലും പേപ്പറുകൾ, പെൻസിൽ വെട്ടിയതും ഇനി മുതൽ ഇടാൻ പാടില്ല എന്ന നിർദ്ദേശം കൊടുത്തു. എല്ലാ വെള്ളിയാഴ്ചകളിലും ഡ്രൈ ഡേ ആചരിക്കണം. വിദ്യാലയത്തെ ഹരിതാഭമാക്കാൻ, സ്കൂൾ സൗന്ദര്യവൽക്കരണത്തിനുമായി എല്ലാ കുട്ടികളും അവരവരുടെ പിറന്നാൾ ദിനത്തിൽ ഓരോ ചെടിയും, ചട്ടിയും കൊണ്ടു വരണമെന്ന് നിർദേശം നൽകി.

ദിനം : 4 (12/06/25)

ആരോഗ്യം, വ്യായാമം , കായികക്ഷമത :-

നല്ല ആരോഗ്യ ശീലങ്ങൾ , ഭക്ഷണ ശീലങ്ങൾ, വ്യായാമത്തിന്റെ അനിവാര്യത , നല്ല ഉറക്കശീലം , മനസ്സിന്റെ സന്തോഷം എന്നിവയെ സംബന്ധിച്ച് ക്ലാസിൽ ചർച്ച നടത്തുകയും ലളിത വ്യായാമങ്ങൾക്ക് കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ചെയ്തു.

ദിനം : 5 (13/06/25)

ഡിജിറ്റൽ അച്ചടക്കം :-

സോഷ്യൽ മീഡിയ , സോഷ്യൽ മീഡിയയുടെ ഗുണങ്ങൾ, ദോഷങ്ങൾ പൊതുവായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

എന്നിവയെല്ലാം ക്ലാസിൽ ചർച്ച ചെയ്യുകയും അമിത മൊബൈൽ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നടത്തുകയും ചെയ്തു.

ദിനം : 6 (13/06/25)

പൊതുമുതൽ സംരക്ഷണം :-

സ്വന്തം സാധന സാമഗ്രികൾ അടുക്കും ചിട്ടയോടും കൂടി സൂക്ഷിക്കൽ, എല്ലാവർക്കുമായി ക്ലാസിൽ ലഭ്യമായിട്ടുള്ള സാധനങ്ങളുടെ സംരക്ഷണം, സ്കൂൾ കെട്ടിടവും, പരിസരത്തുള്ള എല്ലാ സംവിധാനങ്ങളും പൊതുമുതലാണെന്നും അത് സംരക്ഷിക്കേണ്ടത് തന്റെ കൂടി ഉത്തരവാദിത്തമാണെന്നും കുട്ടിയെ ബോധ്യപ്പെടുത്തുന്നു.

ദിനം : 7 (17/06/25)

പരസ്പര സഹകരണത്തിന്റെ പ്രാധാന്യം :-

ഡൈനിങ് സമയം, ബസ് യാത്ര, കുടുംബവുമായി കടയിൽ പോകുന്നത്, അച്ഛനും അമ്മയും മക്കളും ചേർന്ന് ഭക്ഷണം തയ്യാറാക്കൽ, സ്കൂളിലെ ഗ്രൂപ്പ് പ്രവർത്തനങ്ങളിലെ പങ്കാളിത്തം ക്ലാസിൽ ചർച്ച ചെയ്യുകയും ബോധ്യപ്പെടുത്തുകയും ചെയ്തു.

പൊതു ക്രോഡീകരണം :- (17/06/25)

എല്ലാ ദിവസത്തെയും ക്ലാസുകളിൽ കുട്ടികളിൽ താൽപര്യപൂർവ്വം പങ്കെടുക്കുകയും അവ ഈ ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതിൽ സന്തോഷം തോന്നി. ക്ലാസ് പരിസരവും സ്കൂളും ഹരിത പ്രോട്ടോക്കോൾ അനുസരിച്ച് സംരക്ഷിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. വ്യക്തി ശുചിത്വം, ഡിജിറ്റൽ അച്ചടക്കം, വ്യായാമം എന്നിവയെക്കുറിച്ച് ധാരണ രൂപീകരിക്കുന്നതിന് ഈ ക്ലാസിലൂടെ സാധിച്ചു.

2025-26 അധ്യയന വർഷം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രവർത്തന പദ്ധതികളെ സംബന്ധിച്ച്.

സമൂഹത്തിലെ പൊതുകാര്യങ്ങൾ ഓരോന്നിനെയും കുറിച്ച് കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ യു.പി. തലത്തിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ദിനം. 1

ലഹരിക്കെതിരെയുള്ള പ്രതിരോധം

കുട്ടികൾ അവരുടെ ചുറ്റുപാടുകളും ലഹരി വഴി ഉണ്ടാകുന്ന ദോഷങ്ങൾ സംബന്ധിച്ചും അത് സമൂഹത്തിലും കുടുംബത്തിലും വ്യക്തിപരമായും ഉണ്ടാക്കുന്ന അനുരണനങ്ങൾ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ ലഹരി ഉപയോഗത്തിനെതിരായ മനോഭാവം കുട്ടികളിൽ വളർത്തുന്നതിനായി 'തെളിവാനം വരക്കുന്നവർ' എന്ന പുസ്തകം അടിസ്ഥാനപ്പെടുത്തി ക്ലാസ്-തലത്തിൽ ഗ്രൂപ്പ് പ്രവർത്തനങ്ങൾ നൽകി. കൂടാതെ ലഹരി-വിരുദ്ധ ദിന ക്വിസ് സംഘടിപ്പിക്കുകയും വിജയികളായി തന്മശ്രീ, ഗോഡ്വിൻ എന്നീ കുട്ടികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ക്ലാസ് തലത്തിൽ അധ്യാപകരുടെ നേതൃത്വത്തിൽ പോസ്റ്റർ നിർമ്മാണം, കഥാരചന, ലഹരി വിരുദ്ധ ഗാനാലാപനം എന്നിവ സംഘടിപ്പിച്ചു.

ദിനം. 2

ട്രാഫിക് നിയമങ്ങൾ

ട്രാഫിക് നിയമങ്ങൾ സംബന്ധിച്ച്

(11/6/25)

ട്രാഫിക് സിഗ്നൽ Rhymes പഠിപ്പിച്ച ശേഷം അതിലൂടെ കുട്ടികളെ ട്രാഫിക് നിയമങ്ങളെക്കുറിച്ചും ട്രാഫിക് സിഗ്നലുകളെ കുറിച്ചും അവബോധം സൃഷ്ടിച്ചു. ഓരോ Signals ഉം അതിലെ ഓരോ കളറും എന്തിനെ പ്രതിനിധാനം ചെയ്യുന്നു എന്ന് വിശദീ-ഭാവ പ്രദർശനത്തിലൂടെ ക്ലാസിലവതരിപ്പിച്ചു. ട്രാഫിക് സിഗ്നൽ ചാർട്ടിൽ വരപ്പിച്ചു തുടർന്ന് ട്രാഫിക് നിയമങ്ങൾ അടങ്ങിയ ചാർട്ട് കുട്ടികളെക്കൊണ്ട് വ്യക്തമായി ചൊല്ലിച്ചു.

ദിനം 3, 4

ശുചിത്വം, മാലിന്യ സംസ്കരണം

12/6/25 - 13/6/25

കുട്ടികൾ വീഡിയോ പ്രദർശിപ്പിച്ച ശേഷം വ്യക്തിശുചിത്വത്തെക്കുറിച്ച് പ്രധാനധ്യാപികയുടെ നേതൃത്വത്തിൽ ശുചിത്വ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

പോസ്റ്റർ പദ്ധതിയുടെ ഭാഗമായി ശുചിത്വ ക്ലബ്ബുകൾ രൂപീകരിച്ച് ക്ലാസ്മുറിയും പരിസരവും വൃത്തിയാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിച്ചു. ഈ അധ്യയനവർഷം ഏറ്റവും മികച്ച ശുചിത്വമുള്ള ക്ലാസിന് പുരസ്കാരവും പ്രധാനധ്യാപിക ശ്രീമതി: ജയസന്ധ്യ ടീച്ചർ ഏർപ്പെടുത്തി. ഹരിതവിദ്യാലയം ആയ നമ്മുടെ സ്കൂളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകി. ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സഹായകമായ വീഡിയോ പ്രദർശനം ശ്രീമതി [illegible]ന്റെ നേതൃത്വത്തിൽ നൽകി. കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും നമുക്ക് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുന്ന രീതിയും കുട്ടികളെ പരിചയപ്പെടുത്തി.

ദിനം 5, 6

ആരോഗ്യശീലങ്ങൾ

17/6/25

നല്ല ആരോഗ്യ-ശീലങ്ങൾ, ഭക്ഷണശീലങ്ങൾ, വ്യായാമത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസും ചർച്ചയും സ്കൂൾ കൗൺസിലർ വിഷ്ണുവിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

ഡിജിറ്റൽ അച്ചടക്കം

മൊബൈൽഫോൺ, ടാബ് തുടങ്ങിയവയുടെ വിവേകത്തോടെയും വിവേചനബുദ്ധിയോടും എങ്ങനെ ഉപയോഗിക്കാം എന്നത് സംബന്ധിച്ച് ഒരു സംവാദം ഏർപ്പെടുത്തി.

പൊതുമുതൽ സംരക്ഷണം

ക്ലാസ്മുറിയിലെ പൊതു സൗകര്യങ്ങൾ, ഊട്ടുപ്പുര, ശുചിമുറി തുടങ്ങിയവ പരിപാലിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കൃത്യമായ ധാരണ പ്രധാനധ്യാപികയുടെ നേതൃത്വത്തിൽ നടത്തി.